II.ഇ.ബി. XII--കേരള നിയമസഭ/IV-10

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

ചോദ്യോത്തരങ്ങൾ–സംഗ്രഹം

2007 മാർച്ച് 19, തിങ്കൾ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

(വിശ്വാസി സമൂഹത്തെ വേദനിപ്പിച്ച പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രിയുടെ നിലപാടിൽ പ്രതിഷേധിച്ച് ചോദ്യം ചോദിക്കുന്നില്ലെന്ന് ശ്രീ.കെ. ശിവദാസൻ നായർ, ശ്രീ. എം. മുരളി എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ അറിയിച്ചതിനെത്തുടർന്ന് ചോദ്യം (*271) ഉന്നയിക്കപ്പെട്ടില്ല.

ചോദ്യകർത്താക്കൾ ചോദ്യം ചോദിക്കാൻ തയ്യാറാകാത്തതി നാൽ ചോദ്യം (*272) ഉന്നയിക്കപ്പെട്ടില്ല.)

64(* 273) ചെറുകിട വ്യാപാര രംഗത്ത് ബഹുരാഷ്ട്ര കമ്പനികളുടെ കടന്നുകയറ്റം

ധനകാര്യ വകുപ്പുമന്ത്രി (ഡോ.തോമസ് ഐസക്) നൽകിയ മറുപടി യിൽ, മൾട്ടിനാഷണൽ കമ്പനികൾ കേരളത്തിലെ ചെറുകിട വ്യാപാര രംഗത്ത് കടന്നുവരാൻ നടത്തുന്ന ശ്രമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കുത്തകകളുടെ ഈ മേഖലയിലുള്ള കടന്നുകയറ്റം തടയുന്നതിന് നിലവിലുള്ള നിയമം അപര്യാപ്തമാണ്. ഇൻഡ്യൻ ഭരണഘടനയിലെ

വ്യവസ്ഥ പ്രകാരമാണ് ബഹുരാഷ്ട്ര കുത്തക കമ്പനികൾ കടന്നുവരുന്നത് എന്നതിനാൽ സംസ്ഥാന സർക്കാരിന് വളരെ പരിമിതമായ നടപടികൾ മാത്രമെ ഇക്കാര്യത്തിൽ സ്വീകരിക്കാൻ കഴിയുകയുള്ളൂ. കുത്തകവത്കരണം സംസ്ഥാനത്തെ ചെറുകിട വ്യാപാര രംഗത്തെ തകർക്കുമെന്നതിനാൽ അനുഭവത്തിന്റെ വെളിച്ചത്തിൽ സർക്കാർ നയപരമായി ഇക്കാര്യം എതിർക്കുന്നതാണ്. പൂഴ്ത്തിവയ്പ് തടയുന്നതിന് നിയമത്തിൽ കാതലായ മാറ്റം വരുത്തിയിട്ടുണ്ട്. ബഹുരാഷ്ട്ര കുത്തകകൾക്ക് ചില്ലറ ഉല്പാദന മേഖലയിൽ മുതൽ മുടക്കുന്നതിന് അനുകൂല സമീപനമാണ് കേന്ദ്ര സർക്കാർ കൈക്കൊണ്ടിരിക്കുന്നത്. ഹോൾസെയിൽ മേഖലയിൽ, പ്രത്യേകിച്ച് സിംഗിൾ ബ്രാൻഡ് ഉല്പന്നങ്ങൾ വിൽക്കുന്ന മേഖലയിൽ ക്യാഷ് ആന്റ് കാരി വിഭാഗത്തിലാണ് ഇപ്പോൾ 100 ശതമാനം എഫ്.ഡി.എ. അനുവദിച്ചിട്ടുള്ളത്. റീട്ടെയിൽ മേഖലയിൽ സംയുക്ത സംരംഭമായും ഫ്രാഞ്ചൈസിയായിട്ടുമാണ് എഫ്.ഡി.എ. കടന്നുവരുന്നത്. റിട്ടെയിൽ മേഖലയിൽ വിദേശമൂലധന നിക്ഷേപം നടത്തുന്നതിന് ചില നിയന്ത്രണങ്ങൾ നിലവിലുണ്ട്. ഇൻഡ്യയിലെ കുത്തക കമ്പനികൾ കേരളത്തിൽ കടകൾ സ്ഥാപിക്കാനുള്ള നീക്കങ്ങളുണ്ട്. വിലവിവരപ്പട്ടിക പ്രദർശിപ്പിക്കുക; സ്റ്റോക്ക് വിവരങ്ങൾ അറിയിക്കുക; ഉപഭോക്താക്കൾക്ക് ബിൽ കൊടുക്കുക തുടങ്ങിയുള്ള നടപടികൾ കർക്കശമാക്കിക്കൊണ്ട് കരിഞ്ചന്തയും പൂഴ്ത്തിവയ്പും തടയുന്നതിന് ജില്ലാ അധികാരികൾ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും കരിഞ്ചന്തയ്ക്കും പൂഴ്ത്തിവയ്പിനുമെതിരെ 1700 കേസുകൾ എടുക്കുകയും 46 പേരെ പ്രോസിക്യൂട്ട് ചെയ്യുകയും ചെയ്തിട്ടുണ്ടെന്നും ദുർബലമായ എസൻഷ്യൽ കമ്മോഡിറ്റീസ് ആക്ട് (സെൻട്രൽ ആക്ട്) പുതുക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും

ഒരുപചോദ്യത്തിലിടപെട്ടുകൊണ്ട് ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംര ക്ഷണവും വകുപ്പുമന്ത്രി അറിയിച്ചു. കുത്തകകൾ ഉല്പാദന കേന്ദ്ര ങ്ങളിൽനിന്ന് വൻതോതിൽ സാധനങ്ങൾ സംഭരിക്കുന്നതുകൊണ്ടാണ് സമകാലീനമായ വിലക്കയറ്റം ഉണ്ടാകുന്നതെന്നുള്ളത് തെളിഞ്ഞിട്ടുള്ളതി നാൽ അത്തരം ഭക്ഷ്യ ധാന്യങ്ങളുടേയും ഭക്ഷ്യ ഉല്പാദകരുടേയും മേൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. റീട്ടെയിൽ ചെയിൻ സോഴ്സിന്റെ മൊത്തം ടേണോവർ കണക്കാക്കി മിനിമത്തിനുമുകളിൽ വരിക യാണെങ്കിൽ ഒരു പ്രത്യേക നികുതി ഏർപ്പെടുത്തണമെന്ന് വ്യാപാരി വ്യവസായി സംഘടനകൾ നിർദ്ദേശം മുന്നോട്ടുവച്ചിട്ടുണ്ട്. സർക്കാർ അതിൻമേൽ തീരുമാനം കൊക്കൊണ്ടിട്ടില്ല. ഹൈപ്പർ മാർക്കറ്റിൽ ഒരു കട യിൽനിന്ന് എല്ലാ സാധനങ്ങളും ഒരുമിച്ച് വാങ്ങുന്നതിനുള്ള സൗകര്യമുണ്ട്. അതിനുപകരമായി ചെറുകിട കച്ചവടക്കാരെ കൂടുതൽ സംരക്ഷിക്കുന്നതിനും ഷോപ്പിംഗ് ആസ്വാദ്യകരമാക്കി മാറ്റുന്നതിനുമായി ഷോപ്പിംഗ് ഫെസ്റ്റിവൽ സംഘടിപ്പിച്ച് എല്ലാ ഉല്പന്നങ്ങളും ഒരു തെരുവിൽ കൊണ്ടുവന്ന് വ്യാപാരം നടത്തുന്നതിന് വ്യാപാരികൾ മുന്നോട്ടുവന്നാൽ ഗവൺമെന്റ് സഹായിക്കുന്ന തായിരിക്കുമെന്ന് ഗവൺമെന്റ് വ്യാപാരി വ്യവസായി സംഘടനകളെ അറിയി ച്ചിട്ടുണ്ട്. ഇത്തരത്തിൽ വിലക്കയറ്റം ഉണ്ടാകുന്നതിനെതിരെ ബഹുജനാഭിപ്രായം സംഘടിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരി ക്കുന്നതാണ്. കേരളത്തിൽ 5 ലക്ഷം കടകൾക്കുപുറമെ രണ്ട് ലക്ഷം ചായക്കടകൾ ഉണ്ട്. 12 ലക്ഷത്തോളം ആളുകൾ ഉപജീവനം നടത്തുന്ന ഈ മേഖലയിൽ 40 ശതമാനം പേർ പലചരക്കു കടകളിലും 20 ശതമാനം പേർ ചായക്കടകളിലുമാണ് ജോലി ചെയ്യുന്നത്. കേരളത്തിൽ മാവേലി സ്റ്റോറുകൾ, നീതി സ്റ്റോറുകൾ, കൺസ്യൂമർ ഫെഡ്ഡുമായി ബന്ധപ്പെട്ട കടകൾ എന്നിവവഴി

പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. ബഹുരാഷ്ട്ര കുത്തകകൾക്ക് ആലോചിക്കാൻപോലും കഴിയാത്ത തരത്തിലുള്ള റീട്ടെയിൽ നെറ്റ് വർക്കാണ് സംസ്ഥാനത്തെ റേഷൻ സംവിധാനത്തിലുള്ളത്. സീംലെസ് ട്രേഡിംഗ് സാധ്യമാകുമെന്ന ഉദ്ദേശത്തോടുകൂടി കൊണ്ടുവന്ന വാറ്റ് സമ്പ്രദായം യഥാർത്ഥത്തിൽ ഡയറക്ട് മാർക്കറ്റിനും ചെയിൻ മാർക്കറ്റിനുമാണ് സഹായകരമായിട്ടുള്ളത്. ബഹുരാഷ്ട്ര കുത്തക കമ്പനികളുടെ ചെയിൻ സ്റ്റോറുകൾ വരുമ്പോൾ 10 ശതമാനത്തോളം ആളുകൾ പണിയെടുക്കുന്ന ഈ മേഖലയിൽനിന്ന് ധാരാളം ആളുകൾ പുറന്തള്ളപ്പെടുന്ന സ്ഥിതിവിശേഷം സംജാതമാകും. ബഹുരാഷ്ട്ര കുത്തക കമ്പനികളുടെ ചെയിൻ മാർക്കറ്റ് വന്നാൽ അവയുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിന് മറ്റ് രാജ്യങ്ങളെപ്പോലെ ഇവിടെ സംവിധാന ങ്ങൾ ഇല്ലാത്തതിനാൽ വലിയതോതിലുള്ള ഇറക്കുമതിയിലേയ്ക്ക് നയിക്കുന്ന സാഹചര്യമുണ്ടാകുമെന്നും അത് കാർഷിക സമ്പദ് വ്യവസ്ഥയെ പ്രതികൂല മായി ബാധിക്കുമെന്നും വിദഗ്ദ്ധർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ചെറുകിട വ്യാപാരി വ്യവസായി ക്ഷേമനിധിയിലേയ്ക്ക് 50 ലക്ഷം രൂപ മാത്രമേ ഉണ്ടാ യിരുന്നുള്ളൂവെന്നും ഈ വർഷം നികുതിയിനത്തിൽ പിരിക്കാൻ ലക്ഷ്യമിട്ടിരിക്കുന്ന 5300 കോടി രൂപയുടെ ഒരു ശതമാനംകൂടി ക്ഷേമനിധിയി ലേയ്ക്ക് നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ചെറുകിട വ്യാപാരി വ്യവസായികൾക്ക് താങ്ങ് നൽകി ക്ഷേമനിധിയുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതാണ്. ബഹുരാഷ്ട്ര കുത്തകകളുടെ പരസ്യ പ്രചരണ ങ്ങൾ നിയന്ത്രിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്നതാണ്. കേരള ത്തിൽ നടക്കുന്ന 2000 കോടി രൂപയുടെ മൊത്ത കച്ചവടത്തിൽ ഈ വർഷം

വി. ആന്റ് എഫ്.പി.സി.കെ., ഹോർട്ടികോർപ്പ് എന്നിവവഴി 400 കോടി രൂപയുടെ കച്ചവടം നടത്തുന്നതാണെന്നും കച്ചവടക്കാരന് സാധനങ്ങൾക്ക് ന്യായവില കിട്ടുന്നതിനും ഉപഭോക്താവിന് ന്യായവിലയ്ക്ക് കൊടുക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ട് വിഷുവിന് ആരംഭിക്കുന്ന ഈ സംവിധാനത്തിനായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്നും കൃഷിവകുപ്പുമന്ത്രി അറിയിച്ചു. സംസ്ഥാനത്ത് സർവീസ് മേഖലയിൽ പ്രവർത്തിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിൽനിന്നും അടയ്ക്കുന്ന നികുതി അവർക്കു തന്നെ ഒരു പ്രത്യേക ധനസഹായമായി നൽകുന്നതിന് വിരോധമില്ലെന്ന് ഒരുപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

(ബഹുമാനപ്പെട്ട സ്പീക്കർ (* 274) -ാം നമ്പർ ചോദ്യത്തിലേയ്ക്ക് കടന്നപ്പോൾ പ്രതിപക്ഷാംഗങ്ങൾ (*272)-ാം നമ്പർ ചോദ്യം എടുക്കണമെന്ന് വീണ്ടും ആവശ്യപ്പെട്ടതിനെത്തുടർന്ന് (*272)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരങ്ങൾ മേശപ്പുറത്ത് വയ്ക്കണമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ നിർദ്ദേശിക്കുകയും ബഹുമാനപ്പെട്ട വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി അത് മേശപ്പുറത്ത് വയ്ക്കുകയും ചെയ്തു. തുടർന്ന് പ്രതിപക്ഷാംഗങ്ങൾ (*272) -ാം നമ്പർ ചോദ്യം എടുക്കാത്തതിൽ പ്രതിഷേധിച്ച് വാക്കൗട്ട് നടത്തുന്നതായി പ്രഖ്യാപിക്കുകയും സഭയിൽനിന്ന് ഇറങ്ങിപ്പോകുകയും ചെയ്തു.

65(*274) <u>സഹകരണാടിസ്ഥാനത്തിൽ കൃഷി</u>

കൃഷി വകുപ്പുമന്ത്രി (ശ്രീ.മുല്ലക്കര രത്നാകരൻ) നൽകിയ മറുപടിയിൽ, സഹകരണാടിസ്ഥാനത്തിലുള്ള കൃഷി പ്രോത്സാഹിപ്പിക്കാൻ കൃഷി വകുപ്പ് ഉദ്ദേശിക്കുന്നുണ്ടെന്ന് സഭയെ അറിയിച്ചു. സഹകരണാടിസ്ഥാനത്തിൽ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി

ഇപ്പോൾ നടപ്പിലാക്കിവരുന്ന ''ഗ്രൂപ്പ് ഫാമിംഗ് പുനരുജ്ജീവന പദ്ധതി'' XI-ാം പഞ്ചവത്സര പദ്ധതിയിലും തുടരുന്നതാണ്. നടപ്പു വർഷം തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, തൃശൂർ, എറണാകുളം, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിലായി 1.2 ലക്ഷം ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കിവരുന്ന ഈ പദ്ധതിക്കായി ഈ വർഷം 1200 ലക്ഷം രൂപയും 2007-08 സാമ്പത്തിക വർഷത്തേയ്ക്ക് 1425 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ഉത്പാദന ചെലവ് കുറയ്ക്കാനും ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉയർത്തുന്നതിനും ആദായം വർദ്ധിപ്പിക്കുന്നതിനും സഹായിക്കുന്ന ഈ സമ്പ്രദായം വ്യാപകമാക്കുന്ന കാര്യം യഥാസമയം പരിഗണിക്കുന്നതാണ്. സഹകരണാടിസ്ഥാനത്തിൽ ഏറ്റവു നല്ലയിനം വിത്തുകൾ ഉല്പാദിപ്പിച്ച് ഒരു പ്രത്യേക പ്രദേശത്ത് ഒരുതരം വിത്ത് എന്ന സമ്പ്രദായത്തിൽ കൃഷി ചെയ്യുന്നതിന് ശ്രമിക്കുന്നുണ്ട്. വികസന ഏജൻസി പുന:സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു. സഹകരണാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഒരു പൈലറ്റ് പ്രോഗ്രാം എന്ന നിലയിൽ ഈ വർഷം വിഷുവിന് ഇടുക്കി ജില്ലയിൽ ഇത് ആരംഭിക്കുന്നതാണെന്ന് ഒരുപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

66(*275) <u>വനവിഭവങ്ങളും ചന്ദനവും കള്ളക്കടത്ത് തടയുന്നതിന് നടപടി</u>

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, വനവിഭവങ്ങളും ചന്ദനവും കള്ളക്കടത്ത് തടയുന്നതിനായി വനസംരക്ഷണ ജീവനക്കാർ നിരന്തരമായി പട്രോളിംഗ് നടത്തുകയും റെയിഡുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ടെന്ന് അറിയിച്ചു. കൂടാതെ

ചെക്ക്പോസ്റ്റുകളിൽ കർശന വാഹനപരിശോധന നടത്തി കുറ്റകൃത്യങ്ങളിൽപ്പെട്ട വാഹനങ്ങൾ പിടിക്കുകയും നിയമവിരുദ്ധമായി സൂക്ഷിച്ചിരിക്കുന്ന വനവിഭവങ്ങൾ കണ്ടെത്തുകയും നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ചന്ദന സംരക്ഷണത്തിനുവേണ്ടി വനസംരക്ഷണസമിതി അംഗങ്ങളുടെ "വൃന്ദാവനം വനിതാ ചന്ദന സംരക്ഷണ സേന" രൂപീകരിച്ചിട്ടുണ്ട്. കേരളത്തിലേയും തമിഴ്നാട്ടിലേയും അതിർത്തി ഡിവിഷനുകളിൽ വകുപ്പുതല ഉദ്യോഗസ്ഥർ നിരന്തരം സമ്പർക്കം പുലർത്തുന്നുണ്ട്. ചന്ദനസംരക്ഷണം ശക്തിപ്പെടുത്തുന്നതിനായി 17 കിലോമീറ്റർ ചെയിൻ ലിങ്ക് ഫെൻസ് മറയൂരിൽ പൂർത്തിയാക്കിയിട്ടുണ്ട്. 2005-ൽ പൂട്ടിയ 23 ചന്ദന ഫാക്ടറികൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനായി ആഴ്ചതോറും പരിശോധന നടത്തുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനവിഭവങ്ങളും ചന്ദനവും കളളക്കടത്ത് നടത്തിയതുമായി ബന്ധപ്പെട്ട് 943 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വനസംരക്ഷണത്തിന് തദ്ദേശവാസികളെ നിയോഗിച്ചതുമൂലം 1092 കുടുംബങ്ങളിൽപ്പെട്ട ആദിവാസികൾക്ക് 74615 തൊഴിൽ ദിവസങ്ങൾ ലഭിച്ചിട്ടുണ്ട്.

67 (*285) <u>ഡോ സ്വാമിനാഥൻ കമ്മീഷന്റെ ഇടക്കാല റിപ്പോർട്ട്</u>

കൃഷി വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, ഡോ സ്വാമിനാഥൻ കമ്മീഷന്റെ ഇടക്കാല റിപ്പോർട്ടിൽ കുട്ടനാടിന്റെ സമഗ്ര വികസനത്തിനായുളള ശുപാർശകളാണ് ഉൾപ്പെടുത്താൻ ആവശ്യപ്പെട്ടിട്ടുളളതെന്ന് അറിയിച്ചു. ഇതിൽ കൃഷി, മത്സ്യബന്ധനം,

മൃഗസംരക്ഷണം, ഇക്കോടൂറിസം, ചെറുകിട ജലസേചനം എന്നിവയുടെ വികസനത്തിനായി താഴെപ്പറയുന്ന ശുപാർശകളാണ് നൽകിയിട്ടുള്ളത്:

വിയ്യപുരം കനാലിൽ കൂടിയുള്ള ജലത്തിന്റെ ഒഴുക്കും ഡ്രെയിനേജും മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി;

അപ്പർ കുട്ടനാട് പ്രദേശത്തെ പുഞ്ചക്കൃഷി ചെയ്യാനുള്ള പദ്ധതി;

ഓണാട്ടുകര പ്രദേശത്തെ സമഗ്രകൃഷി പദ്ധതി;

കരിപ്പാടങ്ങളുടെ അമ്ലരസം കുറയ്ക്കുന്നതിനായി ചുണ്ണാമ്പ് തുടങ്ങിയവ കർഷകർക്ക് നൽകി നെൽകൃഷി നടത്തുവാനുള്ള പദ്ധതി;

നെൽകൃഷിക്ക് പ്രയാസമായ കുട്ടനാട്ടിലെ കരിപ്രദേശങ്ങളായ പുറക്കാട് കരി, അമ്പലപ്പുഴ കരി, വൈക്കം കരി എന്നീ പ്രദേശങ്ങളിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി;

കരിപ്പാടങ്ങളിൽ വ്യാപകമായി പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി;

കുട്ടനാട്ടിൽ ഒഴുകിയെത്തുന്ന മണിമല, അച്ചൻകോവിൽ, മീനച്ചിൽ നദികളുടെ വികസനത്തിനുവേണ്ടി (പമ്പ ആക്ഷൻ പ്ലാനിന്റെ മാതൃകയിൽ) സമഗ്ര പദ്ധതി;

കുട്ടനാട്ടിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി;

കുട്ടനാട് പ്രദേശത്തെ ചെറുകിട കേരകർഷകർക്കായി സമഗ്ര നാളികേര വികസന പരിപാടി;

കുട്ടനാട് പ്രദേശത്തെ ആരോഗ്യപരിപാലനം, ശുചീകരണം, കുടിവെള്ളം എന്നിവയ്ക്കായുള്ള പദ്ധതി;

കായംകുളം കായലിൽ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുവാൻ പദ്ധതി;

ഇക്കോ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി.

ഇടക്കാല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2007-08 സാമ്പത്തിക വർഷത്തേയ്ക്ക് 150 കോടി രൂപയുടെ ധനസഹായമാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

68 (*289) <u>തോട്ടം മേഖലയുടെ പുനരുദ്ധാരണം</u>

തൊഴിലും എക്സൈസും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, തോട്ടം മേഖലയുടെ പുനരുദ്ധാരണത്തിനുവേണ്ടി കേന്ദ്ര സർക്കാർ അംഗീകരിച്ച 280 കോടി രൂപയുടെ പദ്ധതിയിലൂടെ പ്രായമേറിയ തോട്ടവിളകൾ മാറ്റുന്നതിനും പ്രതിസന്ധിയിലുള്ള തോട്ടങ്ങളുടെ പുനരുദ്ധാരണവുമാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിച്ചു. തേയില, കാപ്പി, ഏലം തോട്ടങ്ങളുടെ പുനരുദ്ധാരണത്തിനുവേണ്ടി 1677 കോടി രൂപയുടെ ഒരു പദ്ധതി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുള്ളതിനുപുറമെ അടച്ചിട്ട തേയിലത്തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് കർമ്മ പദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്തിട്ടുണ്ട്.

69 (*290) <u>ഊർജ്ജ സുരക്ഷിതത്വ മിഷൻ</u>

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, എല്ലാ കുടുംബങ്ങൾക്കും കുറഞ്ഞത് പ്രതിദിനം ഒരു യൂണിറ്റ് വൈദ്യുതിയും പ്രതിവർഷം 8 സിലിണ്ടർ എൽ.പി.ജി.ക്കു തുല്യമായ പാചക (താപോർജ്ജ) ഇന്ധനവും ലഭ്യമാക്കുകയാണ് ഊർജ്ജ സുരക്ഷിതത്വ

മിഷനിലൂടെ കൈവരിക്കാനുദ്ദേശിക്കുന്ന സുപ്രധാന ഊർജ്ജ സുരക്ഷാ ലക്ഷ്യമെന്ന് അറിയിച്ചു. 11–ാം പദ്ധതിക്കാലത്ത് (2007–2012) ഈ ലക്ഷ്യം നേടാനുകുമെന്ന് ഉദ്ദേശിക്കുന്നു. സമ്പൂർണ്ണ ഗ്രാമീണ വൈദ്യുതീകരണം, സമഗ്രമായ ഊർജ്ജ സംരക്ഷണ നടപടികൾ സ്വീകരിക്കുക, പരമ്പരാഗത രീതിയിലുള്ള ഊർജ്ജ സാദ്ധ്യതകൾ പരിശോധിക്കുന്നതോടൊപ്പം അക്ഷയ ഊർജ്ജ സ്രോതസ്സുകളായ ചെറുകിട ജലശക്തിയും കാറ്റിന്റെ ശക്തിയും മാലിന്യങ്ങളിൽനിന്നുള്ള ഊർജ്ജവും ജൈവോർജ്ജവും സൗരോർജ്ജവുമൊക്കെ ഫലപ്രദമായി വിനിയോഗിക്കുക എന്നീ നടപടികളിലൂടെയാണ് കേരളത്തിൽ സമ്പൂർണ്ണ ഊർജ്ജ സുരക്ഷ കൈവരിക്കാനുദ്ദേശിക്കുന്നത്. കേരള സംസ്ഥാന വൈദ്യുതി ബോർഡ്, അനെർട്ട്, എനർജി മാനേജ്മെന്റ് സെന്റർ, വിവിധ തദ്ദേശഭരണ സ്ഥാപനങ്ങൾ, സംസ്ഥാന ആസൂത്രണ ബോർഡ് എന്നിവയ്ക്കൊപ്പം ടൂറിസം, ഫിഷറീസ്, ഭവന നിർമ്മാണം, വിദ്യാഭ്യാസം തുടങ്ങിയ വിവിധ വകുപ്പുകളുടെ സഹകരണത്തോടെയാണ് മിഷന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകുന്നത്.

70 (*294) വാണിജ്യ ബാങ്കുകളിലെ നിക്ഷേപവും കാർഷിക വായ്പയും

ധനകാര്യ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, 2006 സെപ്റ്റംബർ 30 വരെ സംസ്ഥാനത്തെ വാണിജ്യ ബാങ്കുകളിലെ മൊത്തം നിക്ഷേപ തുക 85594 കോടി രൂപയും കാർഷിക വായ്പ 10121 കോടി രൂപയുമാണെന്നറിയിച്ചു. ഈ വർഷം 9645 കോടി രൂപ കാർഷിക വായ്പയായി നൽകുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

72 (1972) പട്ടികജാതി വികസന വകുപ്പിന് അനുവദിച്ചിട്ടുള്ള തുക

നടപ്പു സാമ്പത്തിക വർഷം പട്ടികജാതി വികസന വകുപ്പിന് കോർപ്പസ് ഫണ്ട് ഇനത്തിലുള്ള 66.92 കോടി രൂപയുൾപ്പെടെ 112.89 കോടി രൂപ ബഡ്ജറ്റ് വിഹിതം അനുവദിച്ചിട്ടുള്ളതിൽ കേർപ്പസ് ഫണ്ട് ഇനത്തിലെ 12.34 കോടി രൂപയുൾപ്പെടെ 27.89 കോടി രൂപ 28.2.2007 വരെ ചെലവഴിച്ചിട്ടുണ്ട്.

73 (2013) വൈദ്യുതി വിറ്റവകയിൽ ലഭിച്ച തുക

1.4.2006 മുതൽ 28.2.2007 വരെ സംസ്ഥാനത്തിന് പുറത്ത് വൈദ്യുതി വിറ്റവകയിൽ സംസ്ഥാന വൈദ്യുതി ബോർഡിന് 439.83 കോടി രൂപ ലഭിച്ചിട്ടുണ്ട്.

74 (2016) വൈദ്യുതി മോഷണം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി മോഷണവുമായി ബന്ധപ്പെട്ട് 15 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കണ്ടെത്തുന്ന വൈദ്യുതി മോഷണങ്ങളിൽ കുറ്റം ആദ്യതവണയും ഉപഭോക്താവ് പിഴയടയ്ക്കാൻ തയ്യാറാവുകയും ചെയ്യുന്ന സാഹചര്യത്തിൽ കേസ് എടുക്കാറില്ല.

75 (2047) കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകൾ

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പത്തനംതിട്ട, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിലായി 16 പുതിയ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകൾ അനുവദിച്ചിട്ടുണ്ട്.

76 (2052) <u>കെ.എസ്.ഇ.ബി.യിലെ ഒഴിവുകൾ</u>

കെ.എസ്.ഇ.ബി.യിൽ നിലവിലുള്ള 4707 ഒഴിവുകളുടെ എണ്ണം തസ്തിക തിരിച്ച് ചുവടെ ചേർക്കുന്നു:

| തസ്തിക | ഒഴിവുകൾ |
|---|---|
| 1. എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇല) | 9 |
| 2 . എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ) | 2 |
| 3. അക്കൗണ്ട്സ് ഓഫീസർ | 3 |
| 4. ഫിനാൻസ് ഓഫീസർ | 20 |
| 5. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ(ഇല) | 80 |
| 6. അസിസ്റ്റന്റ് എഞ്ചിനീയർ (ഇല) | 198 |
| 7. സീനിയർ സൂപ്രണ്ട് | 120 |
| 8. ഡിവിഷണൽ അക്കൗണ്ടന്റ് | 62 |
| 9. സബ് എഞ്ചിനീയർ (ഇല) | 221 |
| 10. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 5 |
| 11. സീനിയർ അസിസ്റ്റന്റ് | 207 |
| 12. ഓവർസിയർ (ഇല) | 787 |
| 13. ടൈപ്പിസ്റ്റ് | 25 |
| 14. മീറ്റർ റീഡർ | 13 |
| 15. ഇലക്ട്രിസിറ്റി വർക്കർ | 2591 |
| 16. ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ | 364 |

77 (2062 & 2063) <u>സംസ്ഥാന കടബാധ്യത</u>

31.3.2006–ലെ കണക്കനുസരിച്ച് സംസ്ഥാനത്തിന്റെ കടബാധ്യത 45929.04 കോടി രൂപയാണ്. 2001–ലെ സെൻസസ് പ്രകാരം 31.3.2006–ലെ ആളോഹരി കടം 14425.40 രൂപയായിരുന്നു.

78 (2072) <u>ദേശീയ സമ്പാദ്യ പദ്ധതി</u>

2007 ജനുവരി 31 വരെ ദേശീയ സമ്പാദ്യ നിക്ഷേപങ്ങളായ 5 വർഷ ആവർത്തന നിക്ഷേപ പദ്ധതി, മാസവരുമാന പദ്ധതി, പോസ്റ്റ് ഓഫീസ് ടൈം ഡെപ്പോസിറ്റ്, കിസാൻ വികാസ് പത്ര, നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ്, VIII ഇഷ്യൂ, പബ്ലിക് പ്രോവിഡന്റ് ഫണ്ട്, മുതിർന്ന പൗരന്മാർക്കുള്ള നിക്ഷേപ പദ്ധതി എന്നിവയിലൂടെ മൊത്ത നിക്ഷേപമായി 4013.21 കോടി രൂപയും മിച്ച നിക്ഷേപമായി 983.5 കോടി രൂപയും സമാഹരിച്ചിട്ടുണ്ട്.

79 (2073<u>) പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണ പദ്ധതി</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 20 പൊതുമേഖലാ സ്ഥാപനങ്ങൾ അവയുടെ പുനരുദ്ധാരണ പദ്ധതികൾക്കായി ധനകാര്യ വകുപ്പിന്റെ അംഗീകാരം തേടിയതിൽ ഒരു സ്ഥാപനം തുറന്നുപ്രവർത്തിപ്പിക്കാമെന്നും 19 സ്ഥാപനങ്ങളിൽ ഉല്പാദനം വർദ്ധിപ്പിച്ച് അവയുടെ ധനസ്ഥിതി മെച്ചപ്പെടുത്താമെന്നും കരുതുന്നു. ഇതുവഴി ഇരുപത്തിയാറായിരത്തിലധികം തൊഴിലാളികൾക്ക് പ്രയോജനം ലഭിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

80 (2076) <u>വാറ്റ് അനുസരിച്ചുള്ള രജിസ്ട്രേഷൻ</u>

വാറ്റ് അനുസരിച്ച് ഇതുവരെ 127014 വ്യാപാരികളുടെ രജിസ്ട്രേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. ഇനി 1941 പേരുടെ രജിസ്ട്രേഷൻ പൂർത്തീകരിക്കാനുണ്ട്.

81(2101) <u>തരിശുഭൂമികളിലെ കൃഷി</u>

2005–06–ലെ ഡയറക്ടറേറ്റ് ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ കണക്കുപ്രകാരം സംസ്ഥാനത്ത് നെൽപ്പാടങ്ങൾ ഉൾപ്പെടെ 45.171 ഹെക്ടർ കൃഷിഭൂമി തരിശ് ഇട്ടിരിക്കുന്നതായി കണക്കാക്കിയിട്ടുണ്ട്. തരിശ് ഇട്ടിരിക്കുന്ന നെൽപ്പാടങ്ങൾ കൃഷിക്ക് ഉപയുക്തമാക്കുന്നതിനായി സംസ്ഥാന നെൽകൃഷി വികസന പദ്ധതിയിലുൾപ്പെടുത്തി തരിശ്ശുഭൂമി കൃഷി പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ഗ്രാമീണ മേഖലയിൽ ഒരു ലക്ഷം യുവജനങ്ങൾക്കുള്ള തൊഴിൽദാന പദ്ധതിയിൽ അംഗങ്ങളായ തൊഴിൽ രഹിതരായ യുവാക്കൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനും നെൽപ്പാടങ്ങൾ സംരക്ഷിക്കുന്നതിനും ലക്ഷ്യമിട്ടിട്ടുള്ള ഈ പദ്ധതി നടപ്പുസാമ്പത്തികവർഷം 6000 ഹെക്ടറിൽ നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഹെക്ടർ ഒന്നിന് 5000 രൂപ ധനസഹായവും നൽകിവരുന്നു.

82 (2113) <u>സങ്കരയിനം നെൽവിത്തുല്പാദനം</u>

കേരള കാർഷിക സർവ്വകലാശാലയുടെ വിവിധ നെല്ലുഗവേഷണ കേന്ദ്രങ്ങളിൽ നിന്നും ഗവേഷണ പദ്ധതികളിൽ നിന്നുമായി 44 തരം

സങ്കരയിനം (ഹൈബ്രിഡ് ഡെറിവേറ്റീവ്സ്) നെൽ വിത്തുകൾ ഉല്പാദിപ്പിച്ചിട്ടുണ്ട്. പൊക്കാളി പരമ്പരാഗത വിത്തുകളിൽ നിന്നും കൂടുതൽ വിളവ് ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ കാർഷിക സർവ്വകലാശാല താഴെപ്പറയുന്ന പരീക്ഷണങ്ങൾ നടത്തിവരുന്നു:

പൊക്കാളി നിലങ്ങൾക്കുവേണ്ട സങ്കര നെല്ലിനങ്ങൾ ഉരുത്തിരിച്ചെടുക്കൽ;

അത്യുല്പാദനശേഷിയുള്ളതും ജൈവ കൃഷിക്കനുയോജ്യവുമായ പരമ്പരാഗത പൊക്കാളി നെല്ലിനങ്ങളിലെ ഗവേഷണം;

പരമ്പരാഗത പൊക്കാളി ജനുസ്സുകളുടെ ശേഖരണവും പഠനവും;

പൊക്കാളി നെല്ലിനങ്ങളുടെ രാസവള പ്രയോഗവും സ്ഥിര വളപ്രയോഗ പഠന പദ്ധതികളും;

പൊക്കാളി നെല്ലിനങ്ങളുടെ വിത്ത്/നടീൽ രീതികളുടെ പഠനം;

സംയോജിത പൊക്കാളി നെൽ, മത്സ്യ/ചെമ്മീൻ കൃഷി പഠനം;

പൊക്കാളി പാടങ്ങൾക്കനുയോജ്യമായ നെല്ലിനങ്ങളുടെ താരതമ്യ പഠനം;

പൊക്കാളി നെല്ലിനങ്ങളുടെ ജൈവേതര സമ്മർദ്ദ പഠന പദ്ധതി;

പൊക്കാളി നെല്ലിനങ്ങളുടെ അമ്ല ഓരുവെള്ളപ്പൊക്ക പ്രതിരോധ പഠന പരിപാടി.

83 (2132) <u>ഉദ്യാനകൃഷി</u>

ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ കണക്കുപ്രകാരം സംസ്ഥാനത്ത് 240.8 ഹെക്ടർ സ്ഥലത്ത് 2945 കർഷകർ ഉദ്യാനകൃഷി ചെയ്തുവരുന്നു.

84 (2155) <u>അനധികൃത മരംമുറി</u>

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അനധികൃത മരംമുറിയുമായി ബന്ധപ്പെട്ട് 580 കേസ്സുകൾ ചാർജ്ജ് ചെയ്തിട്ടുണ്ട്.